

# സഭ പ്രേഷിത സമൂഹം

**സീറോ മലബാർ സഭയുടെ വിശ്വാസ**


**പരിശീലന പാഠാവലി.**

10

# പാഠം 2

# സുവിശേഷപ്രഘോഷണം

# സഭയുടെ അടിസ്ഥാന ദൗത്യം



ഈശോ തന്റെ സാന്നിധ്യവും സന്ദേശങ്ങളും അത്ഭുതപ്രവർത്തനങ്ങളുംവഴി ലോകത്തിന് ദൈവരാജ്യം വെളിപ്പെടുത്തി. ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുവാനുള്ള ദൗത്യം ശ്ലീഹന്മാരെ അവിടുന്ന് ഭരമേല്പിച്ചു. സഭയിലൂടെ ആ ദൗത്യം ഇന്നും തുടരുന്നു.



# സഭ : സുവിശേഷ പ്രഘോഷണഫലം

ഈശോയിൽനിന്നും ശ്ലീഹന്മാർ ദൈവരാജ്യത്തിന്റെ സന്ദേശം ഉൾക്കൊണ്ടു. ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ അവിടുന്ന് അവർക്കു വെളിപ്പെടുത്തിക്കൊടുത്തു. പരസ്യജീവിതകാലത്തുതന്നെ ദൈവരാജ്യപ്രഘോഷണത്തിനായി ഈശോ അവരെ അയച്ചു.

ഈശോയുടെ വാക്കുകൾക്കും പ്രവർത്തികൾക്കും സർവ്വോപരി മരണത്തിനും ഉത്ഥാനത്തിനും ശ്ലീഹന്മാർ സാക്ഷികളായി. ഉത്ഥിതനായ ഈശോ അവർക്ക് നൽകിയ ദർശനങ്ങൾ അവരെ വിശ്വാസത്തിലുറപ്പിച്ചു.





# സഭ : സുവിശേഷപ്രഘോഷക

1. സഭയുടെ ചൈതന്യവും ശക്തിയും നവീനത്വവും സംരക്ഷിക്കുന്നതിന് സഭയ്ക്കകത്തുതന്നെയുള്ള സുവിശേഷപ്രഘോഷണം.

2. സഭാംഗങ്ങളല്ലാത്തവരെ സുവിശേഷവത്ക്കരിക്കുവാനുള്ള പ്രവർത്തനങ്ങൾ.

# പ്രഘോഷണവിഷയം ദൈവരാജ്യം

ദൈവരാജ്യത്തിന്റെ പ്രഘോഷണവും സ്ഥാപനവുമായിരുന്നു ഈശോയുടെ ദൗത്യം. ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ് എന്ന് തിരുവചനം പറയുന്നു (റോമ. 14:17). ദൈവത്തിന്റെ ഇഷ്ടം നിറവേറ്റപ്പെടുന്ന അവസ്ഥയാണ് ദൈവരാജ്യം.

# പ്രഘോഷണവും സാക്ഷ്യവും

സുവിശേഷവത്ക്കരണത്തിനുള്ള പ്രധാനപ്പെട്ട മാർഗ്ഗം ക്രിസ്തീയ ജീവിതം വഴി നൽകപ്പെടുന്ന സാക്ഷ്യമാണ്.

സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി സ്വാർത്ഥത കൈവെടിഞ്ഞ് സഹകരിച്ചു പ്രവർത്തിക്കുമ്പോഴും മറ്റുള്ളവരുടെ ഉന്നമനത്തിനു വേണ്ടി സ്വന്തം കഴിവുകളും ആരോഗ്യവും പണവും പങ്കുവയ്ക്കാൻ തയ്യാറാകുമ്പോഴും നാം ദൈവരാജ്യത്തിന് സാക്ഷ്യം വഹിക്കുകയാണ്. ഒരാളുടെ വ്യക്തിപരമായ വിശ്വാസാനുഭവം മറ്റൊരാൾക്ക് നേരിൽ പകർന്നുകൊടുക്കുക എന്നതാണ് ഏറ്റവും ലളിതവും ഫലപ്രദവുമായ സുവിശേഷവത്ക്കരണം.








# സുവിശേഷ പ്രഘോഷണവും സഭാരൂപീകരണവും

കേവലം മനുഷ്യരുടെ ഭൗതിക പുരോഗതിയും ഐശ്വര്യവുമല്ല സഭയുടെ ലക്ഷ്യം; പ്രത്യുത വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ച ഈശോമിശിഹായുടെ പ്രബോധനങ്ങൾ പഠിപ്പിച്ച് മനുഷ്യമഹത്വവും സാഹോദര്യവും വളർത്തി ക്രമേണ മനുഷ്യകുലത്തെ ദൈവത്തിലേക്കു നയിക്കുന്ന മാർഗ്ഗമാവുക എന്നതാണ്.



# ദൈവവചനം

## വായിക്കാം, ധ്യാനിക്കാം

(മർക്കോ. 16:14-17)



# ഓർമ്മിക്കാൻ ഒരു തിരുവചനം

നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും
സുവിശേഷം പ്രസംഗിക്കുവിൻ
(മർക്കോ. 16:15).

# നമുക്കു പ്രാർത്ഥിക്കാം

**കർത്താവായ ഈശോയേ, ഞങ്ങളുടെ പ്രവർത്തന രംഗങ്ങളിൽ അങ്ങേയ്ക്കു സാക്ഷ്യം വഹിച്ചു ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.**

# എന്റെ തീരുമാനം

**ഞാൻ പഠിക്കുന്ന സ്കൂളിൽ സുവിശേഷസന്ദേശങ്ങൾ പ്രചരിപ്പിക്കാൻ ഞാൻ പരിശ്രമിക്കും.**

## സഭാപിതാക്കന്മാർ പറയുന്നത്

സർവ്വലോകത്തിനും രക്ഷാകേന്ദ്രമായി ഈശോയെ നിശ്ചയിച്ച ദൈവികപദ്ധതി ഫലപ്രദമായി പൂർത്തിയാക്കുന്നതിൽ സഹകരിക്കാൻ പരിശുദ്ധാത്മാവ് സഭയെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിനായി വിശ്വാസം ഏറ്റുപറയാനും സുവിശേഷം പ്രസംഗിക്കാനും തന്റെ ശ്രോതാക്കളെ സഭ ക്ഷണിക്കുന്നു (തിരുസഭ LG 17).

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ഈശോ തന്റെ ദൗത്യം ആരംഭിക്കുന്നത് ദൈവ രാജ്യപ്രഘോഷണത്തോടെയാണ്.

* ശ്ലീഹന്മാരുടെ പ്രഘോഷണഫലമായാണ് വിവിധ സ്ഥലങ്ങളിൽ സഭാസമൂഹങ്ങൾ രൂപപ്പെട്ടത്.

* സഭയുടെ പ്രധാനദൗത്യം സുവിശേഷപ്രഘോഷണമാണ്.





* സഭാമക്കളോടും മറ്റുള്ളവരോടും വചനം പ്രഘോഷിച്ചു കൊണ്ട് സഭ ഈ ദൗത്യം നിറവേറ്റുന്നു.

* ജീവിതമാതൃക വഴിയുള്ള വചനപ്രഘോഷണത്തിന് പ്രസംഗത്തേക്കാളും സ്വാധീനശക്തിയുണ്ട്.

* സഭാമക്കളെല്ലാവർക്കും സുവിശേഷപ്രഘോണത്തിനുള്ള കടമയുണ്ട്.

# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* സുവിശേഷപ്രഘോഷണ ദൗത്യത്തെക്കുറിച്ചുള്ള അവബോധം.

* സുവിശേഷത്തിനു സാക്ഷികളായി ജീവിക്കണമെന്ന ചിന്ത.

## സ്വന്തമാക്കേണ്ട ശീലങ്ങൾ



* അവസരം ലഭിക്കുമ്പോഴെല്ലാം ദൈവവചനം പങ്കുവയ്ക്കുന്നു.

* സുവിശേഷപ്രഘോഷണ വിജയത്തിനായി പ്രാർത്ഥിക്കുന്നു.


THANK
YOU